## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *170** **16-02-2016-ന് മറുപടിയ്ക്ക്**

### വനാവകാശ നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി<br>" എ. കെ.ശശീന്ദ്രൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വനഭൂമിയിൽ ആദിവാസി വിഭാഗങ്ങൾക്ക് കൂടുതൽ അധികാരം നൽകുന്ന വനാവകാശ നിയമം നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ഈ നിയമം നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട്. 2006-ലെ കേന്ദ്ര വനാവകാശ നിയമം കേരളത്തിൽ 01-01-2008 മുതൽ നടപ്പിലാക്കി വരുന്നു. |
| (ബി) റവന്യൂ, വനം, പട്ടികവർഗ്ഗ വകുപ്പുകളുടെ ഏകോപനമില്ലായ്മ കാരണം പലയിടങ്ങളിലും വനാവകാശത്തിനുള്ള ആദിവാസികളുടെ അപേക്ഷകൾ റദ്ദ് ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേന്ദ്ര പട്ടിക വർഗ്ഗ മന്ത്രാലയം 2015 ഡിസംബറിനകം വനാവകാശനിയമം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വനാവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി വനാവകാശ നിയമ പ്രകാരമുള്ള അപേക്ഷകളിന്മേൽ 2015 ഡിസംബറിനകം തീർപ്പു കൽപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. അതിന്മേൽ നോഡൽ ഏജൻസിയായ പട്ടികവർഗ്ഗ വികസന വകുപ്പ് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത നിയമം നടപ്പിലാക്കാത്തത് വനം മാഫിയകൾക്കാണ് സഹായകരമാകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ? | (സി) വനാവകാശ നിയമം സംസ്ഥാനത്ത് മുന്തിയ പ്രാധാന്യം നൽകിയാണ് നടപ്പാക്കുന്നത്. അതിനാൽ വനം മാഫിയകൾക്ക് സഹായകരമായ ഒരു സാഹചര്യവും ഉണ്ടായിട്ടില്ല. വനാവകാശ നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ നോഡൽ ഏജൻസിയായ പട്ടികവർഗ്ഗ വികസന വകുപ്പ്, റവന്യൂ വനം വകുപ്പുകളുമായി ഏകോപിച്ച് സത്വര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br>31-12-2015 വരെ വ്യക്തിഗത അവകാശങ്ങൾക്കായി 35851 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 31460 അപേക്ഷകൾ |

ഗ്രാമസഭയും, 26767 അപേക്ഷകൾ സബ് ഡിവിഷണൽ സമിതിയും, 25883 അപേക്ഷകൾ ജില്ലാതല സമിതിയും അംഗീകരിച്ച് ആകെ 24898 റൈറ്റിലുകൾ നൽകിയിട്ടുണ്ട്. ആകെ 33073 ഏക്കർ വനഭൂമിക്ക് റൈറ്റിലുകൾ നൽകിയിട്ടുണ്ട്. സാമൂഹിക ആവശ്യങ്ങൾക്കായി ലഭിച്ച 875 അപേക്ഷകളിൽ 146 എണ്ണത്തിന് റൈറ്റിൽ നൽകിയിട്ടുണ്ട്. വികസന ആവശ്യങ്ങൾ ക്കായി 446 അപേക്ഷകളിൽ തീർപ്പ കൽപ്പിക്കുകയും 213 ഏക്കർ വനഭൂമി നൽകുകയും ചെയ്തിട്ടുണ്ട്.

Ajithay

**സെക്ഷൻ ഓഫീസർ**